# നിത്യചൈതന്യയതി സ്നേഹമെന്ന ഔഷധം കൊണ്ട് മനുഷ്യമനസുകളെ ചികിത്സിച്ചു: ഷൗക്കത്ത്

തിരുവനന്തപുരം: സ്നേഹമെന്ന ഔഷധം കൊണ്ട് മനുഷ്യമനസുകളെ ചികിത്സിക്കുകയായിരുന്നു നിത്യചൈതന്യ യതി എന്ന് യതിയുടെ ശിഷ്യനും എഴുത്തുകാരനും പ്രഭാഷകനുമായ ഷൗക്കത്ത് അഭിപ്രായപ്പെട്ടു.

കേന്ദ്ര സാഹിത്യ അക്കാദമി കായിക്കര ആശാൻ മെമ്മോറിയൽ അസോസിയേഷനുമായി ചേർന്ന് സംഘടിപ്പിച്ച നിത്യചൈതന്യയതി ജന്മശതാബ്ദി ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഹജീവികളെ തന്റെ തന്നെ ഭാഗമായി സ്വീകരിച്ചുകൊണ്ട് ശ്രീനാരായണഗുരുവിന്റെ തത്വങ്ങൾ അദ്ദേഹം പ്രചരിപ്പിക്കുകയായിരുന്നു.

നടരാജഗുരുവിൽ നിന്ന് ആർജിച്ചെടുത്ത അറിവും കുമാരനാശാനിൽ നിന്ന് സ്വാംശീകരിച്ച കാവ്യാത്മകതയും യതിയുടെ ജീവിതത്തെ അഗാധമായി സ്വാധീനിച്ചിരുന്നതായും ഷൗക്കത്ത് പറഞ്ഞു. സന്യാസിമാരിൽ വച്ച് ഏറ്റവും വലിയ അനുരാഗിയായിരുന്നു നിത്യ ചൈതന്യ യതി എന്ന് സമാപനസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ കവിയും നോവലിസ്റ്റുമായ വി.ജി. തമ്പി പറഞ്ഞു.

യതിയുടെ അനുരാഗം സർവചരാചരങ്ങളിലും അലിഞ്ഞുചേർന്നതായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാഹിത്യ അക്കാദമി മലയാളം ഉപദേശക സമിതി അംഗങ്ങളായ ഡോ. ടി.കെ. സന്തോഷ്കുമാർ, ഡോ. സാബു കോട്ടുക്കൽ, ആശാൻ മെമ്മോറിയൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് അഡ്വ. ചെറുന്നിയൂർ ജയപ്രകാശ്, സെക്രട്ടറി വി. ലൈജു, ട്രഷറർ ഡോ.ബി. ഭുവനചന്ദ്രൻ, ഭരണ സമിതി അംഗം ജയിൻ കെ. വക്കം എന്നിവർ പ്രസംഗിച്ചു.

ശിവഗിരി ശ്രീനാരായണ കോളേജ് മലയാളം വിഭാഗം അധ്യക്ഷ ഡോ. സ്മിതാ പ്രകാശ്, ഡോ. പി.കെ. സാബു , ഡോ. ടി. സനൽകുമാർ, കവി ശാന്തൻ എന്നിവർ നിത്യചൈതന്യ യതിയെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു.



കേന്ദ്ര സാഹിത്യ അക്കാദമി കായിക്കര ആശാൻ മെമ്മോറിയൽ അസോസിയേഷനുമായി ചേർന്ന് സംഘടിപ്പിച്ച നിത്യചൈതന്യയതി ജന്മശതാബ്ദി ദേശീയ സെമിനാർ യതിയുടെ ശിഷ്യനും എഴുത്തുകാരനും പ്രഭാഷകനുമായ ഷൗക്കത്ത് ഉദ്ഘാടനം ചെയ്യുന്നു.